മൂന്നംഗ സമിതിയുടെ റിപ്പോർട്ട് പ്രകാരം കരം ഒടുക്കാൻ അനുമതി നൽകിയതിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്തുനിന്നും തെറ്റുകൾ ഒന്നും ഇല്ലായെന്ന് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം വനം വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി) MFA 574/89, 106/90 എന്നിവയിലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പൊതു ഉത്തരവ് പ്രകാരവും ആയത് സുപ്രീം കോടതിയിൽ ശരിവച്ചതുപ്രകാരവും നിക്ഷിപ്തമാക്കപ്പെട്ട വനഭൂമി 89.83 ഏക്കറാകുന്നു. ഇത് വനം വകുപ്പിന്റെ സംരക്ഷണയിലുമാണ്.

(ഇ) ഈസ്റ്റേൺ സർക്കിളിലെ ഇത്തരം കേസ്സുകളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി 2-1-2013-ലെ സർക്കാർ s ജി.ഒ.(ആർ റ്റി.) നമ്പർ 04/2013 വനം തീയതി ഉത്തരവ് പ്രകാരം ഒരു കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. മാത്രമല്ല 1-1-1977-ന് ശേഷമുണ്ടായ പൊതു കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ വനം വകുപ്പ് നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കോൾഡ് ചെയിൻ പദ്ധതി

10 (*160) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ പദ്ധതി നിലവിലുണ്ടോ ;

(ബി) കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി എന്ന് മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പുവരുത്തുന്നതിന് കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) മത്സ്യത്തിന്റെ ഗുൺമേന്മ ഉറപ്പാക്കി, കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി 75% കേന്ദ്ര സഹായത്തോടെ "ഫ്രഷ് ഫിഷ് ടു ആൾ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരള സംസ്ഥാന തീരദേശ വികസന

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയായ 390.00 ലക്ഷം രൂപയിൽ 200.00 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. 15 ഇൻസുലേറ്റഡ് ട്രക്കുകൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടിയ 200 ഇരുചക്ര വാഹനങ്ങൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടി 50 ഓട്ടോറിക്ഷകൾ എന്നിവ ഈ പദ്ധതിയിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 6 ഇൻസുലേറ്റഡ് ട്രക്കുകൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുകഴിഞ്ഞു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽനിന്നും പദ്ധതി പ്രകാരമുള്ള ബാക്കി ഇൻസുലേറ്റഡ് ട്രക്കുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻവഴി പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഇരുചക്ര വാഹനത്തിനായി 200 ഗുണഭോക്താക്കളെയും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഓട്ടോറിക്ഷയ്ക്കായി 50 ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തു. ഇതിൽ ഗുണഭോക്തൃവിഹിതം അടച്ച 130 പേർക്ക് ഇരുചക്രവാഹനവും 17 പേർക്ക് ഓട്ടോറിക്ഷയും വിതരണം ചെയ്യുകഴിഞ്ഞു. പദ്ധതി പ്രകാരം ബാക്കിയുള്ള ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗുണമേന്മയുള്ള പച്ചമത്സ്യം ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ മത്സ്യഫെഡ് നിലവിൽ 9 വിൽപ്പനശാലകൾ പ്രവർത്തിപ്പിക്കുന്നുണ്ട്..

(ബി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) കോൾഡ് ചെയിൻ പദ്ധതി നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാൻ കഴിയും.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly